**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3424** **11-03-2025 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിലെ റീസർവ്വേ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. കെ. രാജൻ**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | അരൂർ മണ്ഡലത്തിൽ ഏതൊക്കെ വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ; | (എ) | ആലപ്പുഴ ജില്ലയിൽ അരൂർ മണ്ഡലത്തിൽ അരൂക്കുറ്റി, അരൂർ, എഴുപുന്ന, കുത്തിയതോട്, കോടംതുരുത്ത്, പള്ളിപ്പുറം, പാണാവള്ളി, പെരുമ്പളം, തൈക്കാട്ടുശ്ശേരി, തുറവൂർതെക്ക് എന്നിങ്ങനെ ആകെ 10 വില്ലേജുകളാണ് നിലവിലുള്ളത്. ഇതിൽ പെരുമ്പളം, അരൂക്കുറ്റി എന്നീ വില്ലേജുകളിൽ പരമ്പരാഗതരീതിയിൽ റീസർവെ നടപടികൾ പൂർത്തീകരിച്ച് റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതാണ്.<br><br>സംസ്ഥാനത്ത് എല്ലാ വില്ലേജുകളുടെയും റിക്കാർഡുകൾ ഡിജിറ്റലായി തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ സർവെ പദ്ധതിയിൽ അരൂർ മണ്ഡലത്തിലെ അരൂർ, കുത്തിയതോട്, എഴുപുന്ന, കോടംതുരുത്ത് എന്നീ വില്ലേജുകളിൽ സർവെ ജോലികൾ ആരംഭിക്കുകയും, അരൂർ, കുത്തിയതോട്, എഴുപുന്ന എന്നീ വില്ലേജുകളിൽ ഫീൽഡ് ജോലികൾ പൂർത്തിയാക്കി സർവെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി വില്ലേജുകളുടെ സർവെ അതിരടയാള നിയമം സെക്ഷൻ 13 വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. കോടംതുരുത്ത് വില്ലേജിന്റെ 196 H (18.1%) ഫീൽഡ് ജോലി പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | പാണാവള്ളി വില്ലേജിൽ സർവ്വേ സംബന്ധമായി ഒട്ടനവധി പ്രശ്നങ്ങൾ നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി പാണാവള്ളി വില്ലേജിൽ അടിയന്തരമായി റീസർവ്വേ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | ഡിജിറ്റൽ സർവെയുടെ തുടർ ഘട്ടത്തിൽ പാണാവള്ളി വില്ലേജിനെ ഉൾപ്പെടുത്തുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ